DWCD/6302/2022-ICDSA4

I/87511/2023

## സംസ്ഥാനതല ICDS റിവ്യൂ മീറ്റിംഗ് മിനിട്ട്സ്

വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 2023 ജനുവരി 17,18 തീയതികളിൽ ഹോട്ടൽ ശബരി പാർക്കിൽ സംഘടിപ്പിച്ച മീറ്റിംഗിൽ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറി, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർമാർ, എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർ, ഐസിഡിഎസ് സെൽ പ്രോഗ്രാം ഓഫീസർമാർ, സീനിയർ സൂപ്രണ്ട്മാർ ,ജൂനിയർ സൂപ്രണ്ട്മാർ ഡയറക്ടറേറ്റിലെ വിവിധ സെക്ഷനുകളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു. റിവ്യൂ മീറ്റിംഗിന്റെ മിനിട്ട്സ് ചുവടെ ചേർക്കുന്നു.

സംസ്ഥാന സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെട്ട പദ്ധതികളായ സ്മാർട്ട്അങ്കണവാടി, അങ്കണവാടികളിലെ WIFI connection, അങ്കണവാടി വൈദ്യുതികരണം,ശിശു സൗഹൃദ toilet എന്നിവ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറി നിർദേശങ്ങൾ നൽകി. 2023 ഫെബ്രുവരി 10 മുതൽ മെയ് 20 വരെയാണ് 100 ദിനങ്ങൾ . ടി പദ്ധതികൾ ഈ കാലയളവിനുള്ളിൽ തന്നെ പൂർത്തീകരിക്കേണ്ടതാണെന്നും സെക്രട്ടറി അറിയിച്ചു. പദ്ധതികളുടെ ജില്ലാ തല റിവ്യൂ പ്രിൻസിപ്പൽ സെക്രട്ടറി നടത്തി.

അങ്കണവാടി കെട്ടിടനിർമാണത്തിനായി ഭൂമി കണ്ടെത്തേണ്ടതുണ്ട്. ഇപ്രകാരം കണ്ടെത്തുന്ന ഭൂമികൾ കെട്ടിട നിർമാണത്തിന് അനുയോജ്യമാണോ എന്നുള്ള ഉറപ്പ് വരുത്തിയ ശേഷം മാത്രം പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. ഭരണാനുമതി ലഭ്യമായ ശേഷം പ്രോപോസലിൽ ഉൾപ്പെട്ട അങ്കണവാടികളെ ലിസ്റ്റിൽ നിന്നും ഒരു കാരണവശാലും ഒഴിവാക്കാൻ സാധിക്കുകയില്ല.അടുത്ത സാമ്പത്തിക വർഷം മുതൽ അങ്കണവാടി കെട്ടിടനിർമാണത്തിനായി വിശദമായ പ്രൊപോസൽ സമർപ്പിക്കേണ്ടതാണെന്ന് മീറ്റിംഗിൽ നിർദേശിച്ചു.

സംസ്ഥാനത്തെ 258 ഐ.സി.ഡി.എസ്. പ്രൊജക്റ്റുകളിലും 3 മാസത്തിനകം ആധാർ കിറ്റുകൾ സ്ഥാപിക്കുമെന്ന് ഡയറക്ടർ അറിയിച്ചു. ഇവ എപ്രകാരം പ്രയോജനകരമാക്കാമെന്നതിനെ കുറിച്ചുള്ള അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ ജില്ല ഓഫീസർ/പ്രോഗ്രാം ഓഫീസർ പങ്കുവെക്കണമെന്ന് ഡയറക്ടർ അഭിപ്രായപെട്ടു. ഇതിലേക്കായി data entry ഓപ്പറേറ്റർമാരെ നിയമിക്കാൻ കഴിയില്ലെന്നും,ഇതിലേക്കായി പ്രത്യേക ഫണ്ട് ലഭ്യമല്ലെന്നും ഡയറക്ടർ അറിയിച്ചു.കുടുംബശ്രീ വഴി ഇതു നടപ്പിലാക്കുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണെന്നും ഡയറക്ടർ അറിയിച്ചു.

അങ്കണവാടികളിലും, മറ്റ് ക്ഷേമ സ്ഥാപനങ്ങളിലും ഫീൽഡ് വിസിറ്റ് കുറഞ്ഞതായും, വകുപ്പിലെ ഉദ്യോഗസ്ഥർ കൃത്യമായി ഫീൽഡ് വിസിറ്റ് നടത്തണമെന്നും ഡയറക്ടർ അഭിപ്രായപ്പെട്ടു. കൂടാതെ ജില്ലാതലത്തിലുള്ള നോഡൽ ഓഫീസർ ജില്ലാ വനിത ശിശുവികസന ഓഫീസറാണെന്നും, ജില്ലാ ഓഫീസറുടെ നേതൃത്വത്തിലാണ് ജില്ലയിലെ എല്ലാ കാര്യങ്ങളും നടക്കേണ്ടതെന്നും ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി. സഹപ്രവർത്തകർക്ക് ജോലി ചെയ്യുന്നതിന് പ്രചോദനം നൽകണമെന്നും എല്ലാ ഓഫീസർമാർക്കും നേതൃത്വ പാടവവും മത്സരബുദ്ധിയും ഉണ്ടാകണമെന്നും ബഹു. ഡയറക്ടർ അഭിപ്രായപ്പെട്ടു.

## അജണ്ട പ്രകാരമുള്ള വിഷയങ്ങളിന്മേൽ കൈക്കൊണ്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

### പ്രീസ്കൂൾ കിറ്റ്

കേന്ദ്രസർക്കാർ അംഗീകരിച്ച APIP പ്രകാരം ഈ വർഷം 6573അങ്കണവാടികൾക്ക് 3000/- രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. ആകെയുള്ള അങ്കണവാടികളുടെ 1/5 അങ്കണവാടികൾക്കാണ് തുക അനുവദിച്ചിട്ടുണ്ട്. 60 ഇനങ്ങൾ tender /quotation പ്രോഗ്രാം ഓഫീസർ മുഖേന വാങ്ങേണ്ടതുണ്ട്. ഇതിന്റെ നിർവഹണ ഉദ്യോഗസ്ഥർ ശിശു വികസന പദ്ധതി ഓഫീസർമാരാണ്.എന്നാൽ ഇതിലേക്കായി ഭരണാനുമതി ലഭ്യമായിട്ടില്ല .

- പ്രീസ്കൂൾകിറ്റിന്റെ മുന്നൊരുക്കങ്ങൾക്കായുള്ള സർക്കുലർ അടിയന്തിരമായി നൽകേണ്ടതാണ്. (നടപടി : ICDS A

section)

- ഇതിനു അനുവദിക്കുന്ന തുക മാർച്ച് 31 നകം ചിലവഴിക്കേണ്ടതാണ്.(നടപടി : CDPO/PO).

**അങ്കണവാടി Contigency**

- Contigency തുക വിനിയോഗിച്ച് എത്രയും വേഗത്തിൽ വാങ്ങൽ നടപടി പൂർത്തിയാക്കേണ്ടതാണ്. ( നടപടി : CDPO/PO).

**അങ്കണവാടി വാടക**

കേന്ദ്രസർക്കാർ അംഗീകരിച്ച APIP പ്രകാരം അങ്കണവാടി കെട്ടിടങ്ങളുടെ വാടക വർദ്ധിപ്പിച്ചിട്ടുണ്ട്. rural/tribal മേഖലയിൽ 2000/- രൂപയും urban മേഖലയിൽ 6000/- രൂപയുമായി വാടക പുതുക്കി നിശ്ചയിച്ചിട്ടുണ്ട്

**ICDS വാഹന വാടക.**

2022 ഡിസംബർ വരെയുള്ള കരാർ വാഹന വാടക നല്കിയിട്ടുണ്ട്

- നിരാകരണം ചെയ്യാൻ അനുമതി ലഭ്യമായ. ICDS കളിൽ കരാർ വാഹനം വാടകയ്ക്ക് എടുക്കാൻ തീരുമാനിച്ചു (നടപടി: D section)
- വാഹനമുള്ളതും ഡ്രൈവർമാർ ഇല്ലാത്തതുമായ ICDSകളിൽ ഡ്രൈവർമാരെ നിയമിക്കുവാൻ തീരുമാനിച്ചു. (നടപടി: Establishment section)

**ചായം അങ്കണവാടി**

ചായം അങ്കണവാടികൾക്കായി ഈ നടപ്പ് സാമ്പത്തിക വർഷം 6 എണ്ണത്തിനു തുക അനുവദിച്ചിട്ടുണ്ട്.

- പ്രസ്തുത തുക വിനിയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ മാർച്ച് 31 നകം പൂർത്തീകരിക്കേണ്ടതാണ്. ( നടപടി : CDPO/PO).

-

**Special Anganawadi**

31/12/2022 ൽ നിർമാണം/വാങ്ങൽ നടപടി പൂർത്തിയാക്കാം എന്ന നിർദേശത്തോടെ നൽകിയ ഫണ്ട് പല ജില്ലകളിലും ചിലവഴിക്കാത്തതായി കാണുന്നു. 21/22 surrender ചെയ്ത തുക ആവശ്യപെട്ടത് പ്രകാരമാണ് 2022/23 ൽ അനുവദിച്ചത്.

- നടപ്പ് സാമ്പത്തിക വർഷത്തിൽ ടി തുക ചെലവഴിക്കാത്തവർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതാണ് (നടപടി: DWCDO ).

**BFT-ആലപ്പുഴ & എറണാകുളം**

ആലപ്പുഴ -2, എറണാകുളം-4 എന്ന ക്രമത്തിൽ BFT കൾ നിർമിക്കുന്നതിനു SNA accountൽ നിന്നും തുക അനുവദിച്ചിരുന്നു. ടി ജില്ലകൾ അനുവദിച്ച തുക LSGDക്ക് കൈമാറി BFT നിർമാണം പുരോഗമിച്ചു വരുന്നതായി പ്രോഗ്രാം ഓഫീസർമാർ അറിയിച്ചു.

- പ്രസ്തുത തുക വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ മാർച്ച് 31 നകം പൂർത്തീകരിക്കേണ്ടതാണ്. ( നടപടി : PO).

**Drinking water(വയനാട്)**

അസ്പിറേഷണൽ ജില്ലയായ വയനാട്ടിൽ കുടിവെള്ള പദ്ധതിക്കായി 230 അങ്കണവാടികൾക്ക് തുക അനുവദിച്ചിരുന്നു.

- പ്രസ്തുത തുക വിനിയോഗം മാർച്ച് 31 നകം പൂർത്തിയാക്കി ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്( നടപടി : PO/CDPO).

**Scheme For Adolascent Girls(SAG)**

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദേശപ്രകാരം SAG പദ്ധതി അസ്പിറേഷണൽ ജില്ലയായ വയനാട്ടിലെ 14-18 വയസുള്ള കൗമാരപ്രായക്കാർക്കായി പരിഷ്കരിച്ചു. ആയതിന്റെ മുന്നൊരുക്കത്തിനായി പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

- പദ്ധതിക്കായുള്ള മുന്നൊരുക്കങ്ങൾ പരിപത്ര പ്രകാരം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. ( നടപടി : PO/CDPO).

Anganawadi construction under MGNREGS

പദ്ധതി പ്രകാരം നിർമാണാനുമതി നൽകിയ അങ്കണവാടികളുടെ പുരോഗതി പ്രതിമാസം വിലയിരുത്തേണ്ടതും നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തേണ്ടതുമാണ് (നടപടി: : PO/CDPO)

Saksham Anganawadi Up gradation –വയനാട്

അസ്പിറേഷണൽ ജില്ലയായ വയനാട്ടിൽ അനുവദിച്ച 250 അങ്കണവാടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

- പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്ക് അവശ്യമായ നേതൃത്വവും ഇടപെടലുകളും ജില്ലാ തലത്തിൽ നടത്തേണ്ടതാണ്. (നടപടി: : PO/CDPO)

PMMVY

പെൻഡിംഗ് ഉള്ള അപേക്ഷകൾ CDPO മാർ approve ചെയ്യാനും correction Q യിൽ വരുന്നവയെല്ലാം പിഴവുകൾ തിരുത്തി പരിഹരിക്കേണ്ടതാണെന്നും ഗുണഭോക്താക്കൾക്ക് ഫണ്ട് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പ വരുത്തേണ്ടതുമാണ്.

POSHAN Abhiyaan

POSHAN പരിപാടി ഫെബ്രുവരിയിൽ അവസാനിക്കുന്നത് സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ഡയറക്ടർ മുഖവുരയായി അവതരിപ്പിച്ചു ജില്ലകളിൽ ഒഴിവുള്ള നിലവിലെ Block.cordinator' മാരുടെ വിവരങ്ങൾ ജില്ലാ ഓഫീസറുമായി ചർച്ച ചെയ്തു. ജില്ലാകോർഡിനേറ്റർ മാരെ നിയമിക്കുന്നത് സംബന്ധിച്ച സങ്കീർണതകൾ DWCDO മാർ പങ്ക് വെച്ചു . അതിനുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി ആരംഭിക്കുന്നതിൽ DWCDO മാർക്ക് നിർദേശം നല്കി

- Block coordinator ൻറ ഒഴിവ് നികത്തുന്നത് EMPLOYIMENT Exchange മുഖേനയാകണമെന്ന് ഡയറക്ടർ നിഷ്കർഷിച്ചു. (നടപടി: DWCDO/ PO)
- ഈ വർഷത്തെ Poshan pakhwada യിലെ പ്രധാന വിഷയമായി Anemia, BMI എന്നിവ പ്രധാന വിഷയങ്ങളാക്കി പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്.(നടപടി: section,POSHAN Abhiyaan)
- കരാർ കാലാവധി പൂർത്തീകരിച്ച Poshan Abhiyaan ജീവനക്കാരുടെ ശമ്പളം ജോലി ചെയുന്ന ദിവസങ്ങൾ കണക്കാക്കി നൽകാവുന്നതാണ്. (നടപടി: : PO/CDPO)

NNM

കേന്ദ്ര സർക്കാർ Poshan Tracker Software കാര്യക്ഷമമാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ പദ്ധതികൾ poshan tracker പ്രകാരമുള്ള ഗുണഭോക്താക്കൾ അനുപാതികമായാണ് ഫണ്ട് അനുവദിക്കുന്നത്. അതിനാൽ poshan tracker കൃത്യമായി പരിശോധിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങൾ ഡയറക്ടർ നൽകി . ആധാർ verification, അങ്കണവാടി daily monitering , ഭവന സന്ദർശനം, growth monitering മുതലായവ കൃത്യമായി poshan tracker ഇൽ entry വരുത്തുന്നുണ്ട് എന്ന് icds supervisor പരിശോധിക്കേണ്ടതും ടി പ്രവർത്തനങ്ങൾ എല്ലാ മാസവും Cdpo,Programme officer എന്നിവർ വിലയിരുത്തേണ്ടതുമാണ്.

സ്മാർട്ട് അങ്കണവാടി

സംസ്ഥാന സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെട്ട പദ്ധതിയായ സ്മാർട്ട്അങ്കണവാടിയുടെ ജില്ലാ തല റിവ്യൂ പ്രിൻസിപ്പൽ സെക്രട്ടറി നടത്തി. എല്ലാ നാലാം ശനിയാഴ്ചകളിലും ചേരുന്ന DDC മീറ്റിംഗുകളിൽ എല്ലാ വകുപ്പ് ഉദ്യോഗസ്ഥരെയും പങ്കെടുപ്പിക്കേണ്ടതും ടി മീറ്റിംഗുകളിൽ സ്മാർ ട്ട് അങ്കണവാടി എന്ന വിഷയം സ്ഥിരം അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതുമാണ്. എല്ലാ പ്രോഗ്രാം ഓഫീസർമാരും DDC മീറ്റിംഗുകളിൽ പങ്കെടുക്കണം എന്ന് ഡയറക്ടർ നിർദേശിച്ചു. സ്മാർ ട്ട് അങ്കണവാടിയുമായി ബന്ധപെട്ട വിഷയങ്ങൾ ജില്ല collecter മായി ചർച്ച ചെയ്യേണ്ടതാണ്.

I/87511/2023

ബഹു.മുഖ്യമന്ത്രിയുടെ priority project ൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ Smart Angawadiകളുടെ നിർമ്മാണം എത്രയും വേഗത്തിൽ പൂർത്തിയാക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തേണ്ടതും നിർമ്മാണ പുരോഗതി വിലയിരുത്തേണ്ടതുമാണ്.

- ടി പദ്ധതി സർക്കാരിന്റെ 100 ദിന പദ്ധതിയിലും ഉൾപ്പെട്ടിട്ടുള്ളതിനാൽ മാർച്ച് 31 നകം പൂർത്തീകരിക്കുമെന്നു അറിയിച്ചിട്ടുള്ള 36 അങ്കണവാടികളുടെയും നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.(നടപടി: PO/CDPO)

**അങ്കണവാടി നവീകരണം**

2022-23 വർഷം 1 ലക്ഷം രൂപ മുതൽ 10ലക്ഷം രൂപ വരെയുള്ള തുക വിനിയോഗിച്ചു 126 അങ്കണവാടികൾക്ക് നവീകരണ അനുമതി നൽകിയിരുന്നു.

- 126 അങ്കണവാടികളുടെയും നവീകരണ പ്രവർത്തികൾ മാർച്ച് 31 നകം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.(നടപടി: PO/CDPO/Supervisor)

**Baby Friendly Toilet**

ഒരു അങ്കണവാടിക്ക് 50000 എന്ന നിരക്കിൽ 250 അങ്കണവാടികളിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് ശിശു സൗഹൃദ ശൌചാലയങ്ങൾ നിർമിക്കുവാൻ അനുമതി ലഭിച്ചിരുന്നു.

- ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പൂർത്തീകരിച്ചവയുടെ ബില്ലുകൾ അടിയന്തിരമായി മാറി നൽകുവാനും UC സമർപ്പിക്കുവാനും നിർദേശിച്ചു.(നടപടി:PO)

**അങ്കണവാടി കം creche**

കേന്ദ്ര സർക്കാർ 304 അങ്കണവാടി കം creche അനുവദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ഇതിനു ആവശ്യമായ പ്രൊപോസൽ ലഭ്യമാക്കുവാൻ PO മാർക്ക് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ 100 ദിന പരിപാടിയിൽ ഉൾപെട്ട Reshifting of creche എന്ന പദ്ധതി അവലോകനം ചെയ്യുകയും ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ല ഓഫീസർമാർക്ക് നിർദേശം നൽകുകയും ചെയ്തു.

**Training**

അങ്കണവാടി വർക്കർ, ഹെൽപ്പർ,സൂപ്പർവൈസർ എന്നിവർക്കുള്ള refresher ട്രെയിനിംഗുകൾ നടത്തുന്നുവെങ്കിലും ബില്ലുകൾ treasury യിൽ നൽകി expenditure വരുത്തിയതായി കാണുന്നില്ല .ആയതിനാൽ ഓരോ ബാച്ച് training കഴിയുന്ന മുറക്ക തന്നെ ബില്ലുകൾ treasury യിൽ സമർപ്പിച്ച് expenditure വരുത്തേണ്ടതും PlanSpace ൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

**EGG And Milk(പോഷകബാല്യം)**

നടപ്പ് സാമ്പത്തിക വർഷം മാർച്ച് 20 വരെ ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ fund requirement February നകം 10 ലഭ്യമാക്കേണ്ടതാണ്.( നടപടി : PO)

**Angawadi Selection**

Angawadi Selection നടത്തുന്നതിനായി പഞ്ചായത്തിൽ ലഭ്യമായ ലിസ്റ്റിൽ ഉൾപെട്ട സാമൂഹ്യപ്രവർത്തകർ രാഷ്ട്രീയക്കാരെ അല്ലായെന്ന് സർട്ടിഫിക്കറ്റ് ചില ജില്ലാഓഫീസർമാർ ആവശ്യപെടുന്നുണ്ട്.എന്നാൽ ഇത്തരത്തിലുള്ള നിർദേശം ഡയറക്ടർ തലത്തിൽ നൽകിയിട്ടില്ല.

- പഞ്ചായത്ത് കമ്മിറ്റി പ്രമേയം മുഖേന ലഭ്യമാക്കുന്ന ലിസ്റ്റ് പരിശോധിച്ച് അംഗീകാരം നൽകേണ്ടതും ഇതിനുള്ള സമയപരിധി കർശനമായി പാലിക്കേണ്ടതുമാണ്. ( നടപടി :DWCDO)

**അങ്കണവാടി WIFI connection**

സംസ്ഥാന സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെട്ട പദ്ധതിയായ അങ്കണവാടികളുടെ WIFI connection സംബന്ധിച്ച് ജില്ലാ തല റിവ്യൂ പ്രിൻസിപ്പൽ സെക്രട്ടറി നടത്തി. എല്ലാ ജില്ലകളും WIFI connection

ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും അടിയന്തിരമായി ടി പദ്ധതി പൂർത്തീകരിക്കണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പൂർത്തീകരിച്ച ജില്ലകൾ അടിയന്തിരമായി ബില്ലുകൾ മാറാൻ നിർദേശിച്ചു.

<u>വർണ്ണക്കൂട്ട്-കൌമാരക്കാരുടെ Awareness Class</u>

കൌമാരക്കാരുടെ Awareness Classകൾ ഫലപ്രദമായി നടപ്പില്ലാക്കാനും, ആയതിന്റെ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും ഡയറക്ടർ നിർദേശിച്ചു.

<u>അങ്കണവാടി വൈദ്യുതീകരണം</u>

സംസ്ഥാന സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെട്ട പദ്ധതിയായ അങ്കണവാടികളുടെ വൈദ്യുതീകരണം സംബന്ധിച്ച് ജില്ലാ തല റിവ്യൂ പ്രിൻസിപ്പൽ സെക്രട്ടറി നടത്തി. May 20 നകം പൂർത്തീകരിക്കാൻ കഴിയുന്ന അങ്കണവാടികളുടെ വിവരങ്ങൾ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ശേഖരിച്ചു. സംസ്ഥാനത്തെ എല്ലാ അങ്കണവാടികളും വൈദ്യുതീകരണം അടിയന്തിരമായി പൂർത്തീകരിക്കണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഈ വിഷയത്തിൽ ജില്ലാ ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി നിർദേശിച്ചു.

- ഓരോ ആഴ്ചയിലും പ്രോഗ്രസ്സ് റിവ്യൂ ചെയ്ത് വൈദ്യുതീകരണം പൂർത്തീകരിക്കണം. (നടപടി: പ്രോഗ്രാം ഓഫീസർ)
- Electricity connection ന് ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ സോളാർconnection ലഭ്യമാകുമോ എന്ന് പരിശോധിക്കേണ്ടതാണ്.(നടപടി: പ്രോഗ്രാം ഓഫീസർ)

<u>ആദ്യ ആയിരം ദിന പരിപാടി</u>

ആദ്യ ആയിരം ദിന പരിപാടിക്കായി 42 ICDS കൾക്ക് ഫണ്ട് അനുവദിച്ചിരുന്നു. ടി തുകയിൽ ഈ സാമ്പത്തിക വർഷം ചിലവഴിക്കാൻ കഴിയാത്ത തുക അടിയന്തിരമായി സറണ്ടർ ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു. സറണ്ടർ ചെയ്യാൻ കഴിയുന്ന തുകകളുടെ വിവരങ്ങൾ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ശേഖരിച്ചു. ചിലവഴിക്കാൻ കഴിയാത്ത തുക അടിയന്തിരമായി സറണ്ടർ ചെയ്താൽ മാത്രമെ മറ്റ് പദ്ധതികൾക്ക് ഉപയോഗിക്കാൻ കഴിയുകയുള്ളൂ.അതിനാൽ അടിയന്തിരമായി സറണ്ടർ ചെയ്യണമെന്നും ഡയറക്ടർ നിർദേശിച്ചു.

ആദ്യ ആയിരം ദിന പരിപാടിക്കായി നൽകുന്ന therapeutic food നിലവിൽ sugarfree ആണ്.ഇതിന് സ്വീകാര്യത കുറവുണ്ട്.ആയതിനാൽ ഇത് modify ചെയ്യണമെന്നും വിവിധ പ്രോഗ്രാം ഓഫീസർമാർ അറിയിച്ചു. Therapeutic food modify ചെയ്യുന്നതിനായി CTFRI ക്ക് നൽകിയിട്ടുണ്ടെന്ന് ഡയറക്ടർ അറിയിച്ചു.

- ചിലവഴിക്കാൻ കഴിയാത്ത തുക അടിയന്തിരമായി സറണ്ടർ ചെയ്യേണ്ടതാണ്.(നടപടി: പ്രോഗ്രാം ഓഫീസർ)

<u>സൈക്കോസോഷ്യൽ സോഷ്യൽ counseller മാരുടെ റിവ്യൂ</u>

സൈക്കോസോഷ്യൽ സോഷ്യൽ counseller മാരുടെ റിവ്യൂ മീറ്റിംഗ് നടത്തുന്നതിനായി 3 quarterകളിലായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തലത്തിലുള്ള റിവ്യൂ ഡയറക്ടർ നടത്തി.

സൈക്കോസോഷ്യൽ സോഷ്യൽ counseller മാരുടെ റിവ്യൂ മീറ്റിംഗുകൾ quarter അടിസ്ഥാനത്തിൽ നടത്തണമെന്നും മീറ്റിംഗിൽ ജില്ലാ ഓഫീസർമാർ കൃത്യമായി പങ്കെടുക്കേണ്ടതാണ്.(നടപടി: ജില്ലാ ഓഫീസർ)

<u>Establishment matters</u>

മീറ്റിംഗിൽ establishment section ൽ നിന്നും Administrative ഓഫീസർ , സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവർ പങ്കെടുത്തു. ജില്ലകളിൽ വിവിധ തസ്തികകളിൽ ഒഴിവുണ്ടെന്നും ആയത് അടിയന്തിരമായി നികത്തണമെന്നും ജില്ലാതല ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു. vacancyകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് establishment അറിയിച്ചു.

വിവിധ ICDS കളിൽ വണ്ടികൾ നിലവിലുണ്ടെങ്കിലും ഡ്രൈവർ റിട്ടയർ ചെയ്തതിനാൽ ,ഇവ പ്രവർത്തിപ്പിക്കാൻ കഴിയില്ല. ആയതിനാൽ ഫീൽഡ് തലത്തിൽ വളരെ ബുദ്ധിമുട്ടാണെന്നും പ്രോഗ്രാം ഓഫീസമാർ അറിയിച്ചു. നിലവിൽ വണ്ടി ഇല്ലാതെ ഡ്രൈവർമാർ ഉള്ള പ്രൊജക്ടുകളിൽ നിന്നും വണ്ടികൾ നിലവിലുണ്ടെങ്കിലും ഡ്രൈവർ ഇല്ലാത്ത പ്രൊജക്ട് കളിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

Cdpo മാർ,ജില്ലാ ഓഫീസർമാരുടെയോ, audit ഓഫീസർമാരുടെയോ നിർദേശപ്രകാരം പെൻഷൻ ആയ ജീവനക്കാരുടെ NLC ബോണ്ട് വച്ച് കൊടുക്കണം.

I/87511/2023

മീറ്റിംഗ് 4.00 മണിക്ക് അവസാനിച്ചു.

Signed by Priyanka G
Date: 21-03-2023 10:16:10